പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2293 | 8.07.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ആരോഗ്യപ്രശ്നമുണ്ടാക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ . എം . ഷാജി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | പലസംസ്ഥാനങ്ങളും മാഗി ന്യൂഡിൽസ് നിരോധിച്ച വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കേരള ത്തിലും നിരോധിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Food Safety and Standards Authority of India മാഗി ന്യൂഡിൽസിന്റെ പരിശോധനാഫലം കണക്കിലെടുത്ത് No.10/Q.A/ Enforcement Issues / FSSAI/ 2015 dated 05.06.2015 എന്ന ഉത്തരവ് പ്രകാരം ദേശവ്യാപകമായി ടി ഉൽപന്നം പിൻവലിക്കുവാൻ ഉൽപാദകർക്ക് നിർദ്ദേശം നൽകി യിരുന്നു. ടി നിർദ്ദേശം സംസ്ഥാനത്തും പാലിക്ക പ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ലഭ്യമായ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുവാനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രത്യേകമായ ഒരു നിരോധനം ഏർപ്പെടുത്തേണ്ട ആവശ്യമില്ല. |
| ബി) | മാഗി ന്യൂഡിൽസ് പോലെ ഭാവിയിൽ രൂക്ഷമായ ആരോഗ്യപ്രശ്നമുണ്ടാക്കുന്ന ഐസ്ക്രീംപൗഡർ, പിസ്ത പൗഡർ,ബദാം മിക്സ്, ജ്യൂസ് മിക്സുകൾ എന്നിവ തലസ്ഥാന നഗരിയിലുൾപ്പെടെ വിൽക്കു ന്നത് തടയാൻ നടപടിയെടുക്കുമോ? | ബി) | പരിശോധനകളിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണെന്ന് കണ്ടെത്തുന്ന എല്ലാത്തരം ഉൽപന്നങ്ങൾക്കെതിരെയും നിയമാനുസൃതമുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ